പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2674 — 14.02.2013 ൽ മറുപടിയ്ക്ക്

## ദേശീയ ജലവിഭവ കൗൺസിൽ അംഗീകരിച്ച ജലനയം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പുമന്ത്രി |
| (എ) ദേശീയ ജലവിഭവ കൗൺസിൽ അംഗീകരിച്ച ജലനയം പരിശോധിച്ചിട്ടുണ്ടോ;<br><br>(ബി) സംസ്ഥാനങ്ങളിൽ വേണ്ടത്ര ചർച്ച ചെയ്യാതെയും സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും തയ്യാറാക്കിയ കേന്ദ്ര ജലനയം ആശങ്കാജനകമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | ദേശീയ ജലനയത്തിന്റെ കരട് കേരളസർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ അഭിപ്രായവും ഭേദഗതി നിർദ്ദേശങ്ങളും കേന്ദ്ര സർക്കാരിന്റെ ജലവിഭവ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദേശീയ ജലവിഭവ കൗൺസിൽ അന്തിമമായി അംഗീകരിച്ച ദേശീയ ജലനയത്തിന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ആയത് പരിശോധിക്കുവാനോ വിലയിരുത്തൽ നടത്തുവാനോ കഴിഞ്ഞിട്ടില്ല. |
| (സി) "സിയാൽ മോഡൽ കമ്പനിയും" "ജലവിഭവ റഗുലേറ്ററി അതോറിറ്റി ഓർഡിനൻസും" കേരളത്തിൽ 2008-ൽ രൂപീകരിച്ച്, നടപ്പാക്കിയ ജനകീയ ജലനയം അട്ടിമറിക്കാനുള്ളതാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ? | (സി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ